(ബി) പ്രസ്തുത സ്ഥാപനത്തിൽ പാഴ്സൽ സേവനത്തിൽ ഏർപ്പെട്ടിരുന്ന ഓൺ ഡോട്ട് ആന്റ് കാർഗോ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം നടന്നിരുന്നുവോ;

(സി) എന്തെല്ലാം ശിപാർശകളാണ് വിജിലൻസ് അന്വേഷണ സംഘം ഇതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) വിജിലൻസിന്റെ ശിപാർശകളെ സംബന്ധിച്ച് സി-ഡിറ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) സി-ഡിറ്റിൽ ഇപ്പോൾ പബ്ലിക്/ ഓപ്പൺ ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് കൊറിയർ ഏജൻസിയെ തെരഞ്ഞെടുക്കുന്നത്.

(ബി&സി) വിജിലൻസ് അന്വേഷണം നടന്നിരുന്നു. ശിപാർശകൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ഡി) ധനകാര്യ വകുപ്പിന്റെ പുതിയ പ്രതിനിധിയെ ഉൾപ്പെടുത്തി എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും പുനഃസംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിന് ശേഷമേ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും വിളിച്ചു ചേർക്കുകയുള്ളൂ.

എം.എൽ.എ.ആസ്തി ഫണ്ട്

47 (1421) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് എം.എൽ.എ. ആസ്തി ഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടുകൾ എന്നിവ ചെലവഴിക്കുന്നതിന് വിവിധ ഏജൻസികളെ ഏർപ്പെടുത്തിയത് ആസൂത്രണ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) വിവിധ ഏജൻസികൾ നൽകുന്ന കമ്പ്യൂട്ടറുകൾ, മിനിമാസ്റ്റ്-ഹൈമാസ്റ്റ് ലൈറ്റുകൾ, ഫർണിച്ചറുകൾ, വിവിധ ഉപകരണങ്ങൾ എന്നിവയുടെ ഗുണമേന്മയും, വിലനിലവാരവും ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തദ്ദേശ സ്ഥാപനങ്ങളുടേതടക്കമുള്ള ഫണ്ടുകൾ ഉപയോഗിച്ച് സർക്കാർ അംഗീകൃത ഏജൻസികൾ വിതരണം ചെയ്യുന്ന ഉപകരണങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും, അനാവശ്യ ചെലവ് കുറയ്ക്കുന്നതിനും കൃത്യമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പി.പി.പി. നയം

48 (T1422) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.പി.പി. നയത്തിന് അന്തിമ രൂപം ആയിട്ടുണ്ടോ;

(ബി) പ്ലാനിംഗ് ബോർഡ് ശിപാർശ ചെയ്ത ഡ്രാഫ്റ്റ് പി.പി.പി. നയരേഖയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്ലാനിംഗ് ബോർഡ് സർക്കാരിന് ശിപാർശ നൽകിയിരുന്നത് എപ്പോഴാണ്;

(ഡി) പി.പി.പി. നയം രൂപീകരിക്കുമെന്ന് ഏത് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലാണ് പ്രഖ്യാപിച്ചിരുന്നത്എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പി.പി.പി. നയത്തിന് അന്തിമരൂപം ആയിട്ടില്ല.

(ബി) ഡ്രാഫ്റ്റ് പി.പി.പി. നയരേഖയുടെ പകർപ്പ് അനുബന്ധമായി * ചേർക്കുന്നു.

(സി) പിപി.പി. നയം സംബന്ധിച്ച ശിപാർശ പ്ലാനിംഗ് ബോർഡ് സർക്കാരിന് നൽകിയത് 24/04/2013-ലാണ്.

(ഡി) പി.പി.പി. നയം നടപ്പിലാക്കുന്ന വിഷയം 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly